# ശബരിമല ഭൂമി വിട്ടുകൊടുക്കൽ തീരുമാനം വിവാദമാകുന്നു


ദില്ലി: ശബരിമല ക്ഷേത്രവികസനത്തിനുവേണ്ടി 5.64 ഹെക്ടർ വനഭൂമി വിട്ടുകൊടുക്കാൻ കേരളത്തിൽ നിന്നുള്ള എംപിമാരുടെ യോഗത്തിൽ കേന്ദ്ര സർക്കാർ പ്രതിനിധികൾ തീരുമാനം എടുത്തത് വിവാദമാകുന്നു.

കേന്ദ്ര വനം- പരിസ്ഥിതി മന്ത്രി ടി.ആർ. ബാലു, ലോക്സഭാ സ്പീക്കർ ജി.എം.സി. ബാലയോഗി കേന്ദ്ര നിയമ സഹമന്ത്രി ഒ. രാജഗോപാൽ എന്നിവരാണ് കേന്ദ്ര സർക്കാർ പ്രതിനിധികളായി ഡിസംബർ 20ന് നടന്ന യോഗത്തിൽ പങ്കെടുത്തത്.

കേരളത്തിൽ നിന്നുള്ള എംപിമാരുടെ ആവശ്യപ്രകാരം ലോക്സഭാ സ്പീക്കർ ജി.എം.സി. ബാലയോഗിയാണ് ഔദ്യോഗിക യോഗം ദില്ലിയിൽ വിളിച്ചുചേർത്തത്. അയ്യപ്പഭക്തന്മാരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് പമ്പയിൽ 5 ഹെക്ടറും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി പമ്പയിൽ തന്നെ മറ്റൊരു 0.44 ഹെക്ടറും കുടിവെള്ള സൗകര്യമൊരുക്കുന്നതിന് സന്നിധാനത്ത് 0.20 ഹെക്ടർ വനഭൂമിയും വിട്ടുകൊടുക്കാനാണ് യോഗം തീരുമാനിച്ചത്. വിട്ടുകൊടുക്കുവാനുള്ള വനഭൂമി നിശ്ചയിക്കാനും കൈമാറാനുംവേണ്ടി ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

ശബരിമലയിൽ വനഭൂമി വിട്ടുകൊടുക്കുവാനുള്ള യോഗ തീരുമാനത്തെ വനം- പരിസ്ഥിതി മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ എതിർക്കുകയാണത്രെ. നിലവിലുള്ള നിയമങ്ങളുടെ ലംഘനമാണ് യോഗ തീരുമാനം എന്നതുകൊണ്ടാണ് ഉദ്യോഗസ്ഥർ സാങ്കേതികമായ എതിർപ്പ് പ്രകടിപ്പിക്കുന്നത്.

വനം- പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിക്കാത്തിടത്തോളം കാലം യോഗ തീരുമാനം കടലാസിൽ മാത്രമായി ഒതുങ്ങും. 1982-ൽ ഇന്ദിരാഗാന്ധി കൊണ്ടുവന്ന നിയമ



ങ്ങളനുസരിച്ച് വനഭൂമി, വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെങ്കിൽ കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി വേണം. ഈ അനുമതി കിട്ടണമെങ്കിൽ വനഭൂമി ആവശ്യമുള്ള സംസ്ഥാന സർക്കാർ രണ്ടുകാര്യങ്ങൾ ചെയ്യണമെന്ന് നിയമം വ്യക്തമായി അനുശാസിക്കുന്നു.

1. പ്രസ്തുത വനം വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുകൊണ്ട് പരിസ്ഥിതിക്കും ആ പ്രത്യേക ആവാസ വ്യവസ്ഥക്കും ഉണ്ടാകുന്ന ആഘാതങ്ങളെക്കുറിച്ചുള്ള വിശദമായ പഠനം ഇത്തരം പരിസ്ഥിതി ആഘാത പഠന പത്രിക തയാറാക്കാൻ കഴിവുള്ള ഏജൻസികളുടെ പട്ടികയും വനം- പരിസ്ഥിതി മന്ത്രാലയം തയ്യാറാക്കിയിട്ടുണ്ട്.

2. നഷ്ടപ്പെടുന്ന വനത്തിനു പകരം വേറെ വനം സംസ്ഥാന സർക്കാർ വച്ചുപിടിപ്പിക്കണം. ശബരിമലയിൽ 20 ഏക്കർ വനഭൂമി ക്ഷേത്രവികസനത്തിനായി വിട്ടുകൊടുക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു തുടങ്ങിയിട്ട് കാലമേറെയായി. എന്നാൽ നിയമമനുസരിച്ചുള്ള പരിസ്ഥിതി ആഘാത പഠനപത്രിക സമർപ്പിക്കാതെ ശബരിമലയിൽ വനം വിട്ടുതരണം എന്ന ആവശ്യം പരിഗണിക്കാൻ പോലുമാവില്ലെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടും കാലമേറെയായി. പീച്ചി ആസ്ഥാനമായുള്ള കേരള വനം ഗവേഷണ സ്ഥാപനങ്ങളടക്കമുള്ള ഇരുപതോളം ഏജൻസികളുടെ പട്ടികയും കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയം നിർദേശിച്ചിരുന്നുവത്രേ. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് പരിസ്ഥിതി ആഘാത പഠന പത്രിക തയ്യാറാക്കേണ്ട ചെലവ് വഹിക്കേണ്ടത് വനഭൂമി ആവശ്യമുള്ള സംസ്ഥാന സർക്കാരാണ്.

സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന പരിസ്ഥിതി ആഘാത പത്രികയെക്കുറിച്ച് ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയം സ്വന്തംനിലയിൽ വേറെ ഏജൻസിയെക്കൊണ്ട് പരിസ്ഥിതി ആഘാത പഠനം നടത്തും. എന്നിട്ടു മാത്രമേ വനഭൂമി വിട്ടുകൊടുക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കാനാകൂ.

എന്നാൽ ശബരിമലയുടെ കാര്യത്തിൽ കോടികളുടെ വരുമാനമുള്ള ശബരിമല ക്ഷേത്രത്തിന്റെ ഉടമസ്ഥതയെ തിരുവിതാംകൂർ ദേവസ്വം ബോർഡോ സംസ്ഥാന സർക്കാരോ കേന്ദ്രം പലതവണ ആവശ്യപ്പെട്ടിട്ടും ശബരിമലയിൽ വനഭൂമി വേണം എന്ന് ആവശ്യപ്പെടുന്നതല്ലാതെ പരിസ്ഥിതി ആഘാത പഠനപത്രിക തയാറാക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നില്ല. ഇതുകൊണ്ട് തന്നെ ശബരിമലയിൽ വനം വേണമെന്ന കേരള സർക്കാരിന്റെ ആവശ്യം പരിഗണിക്കാൻ ആവില്ലെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രി ലോക്സഭയെ കഴിഞ്ഞ സമ്മേളനത്തിൽ അറിയിക്കുകയും ചെയ്തതാണ്.

കോടികളുടെ വരുമാനമുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡോ

**ദില്ലി ബ്യൂറോ**

സംസ്ഥാന സർക്കാരോ പരിസ്ഥിതി ആഘാത പഠനപത്രിക ശബരിമലയെക്കുറിച്ച് തയ്യാറാക്കാൻ ഇതുവരെ തുനിയാത്തതിന്റെ കാരണം വളരെ വ്യക്തമാണ്. അത്തരമൊരു പഠനം നടത്താൻ ഒരുകാരണവശാലും വനഭൂമി വിട്ടുകൊടുക്കരുത് എന്നാവും ശാസ്ത്രസംഘത്തിന്റെ നിർദ്ദേശം. വികസനത്തിന് സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്ന സ്ഥലം പെരിയാർ ടൈഗർ റിസർവിൽ നിന്നാണ്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഏഷ്യൻ കടുവകളെ സംരക്ഷിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതിയാണ് പെരിയാർ ടൈഗർ റിസർവ് പ്രൊജക്ട്.

ശബരിമല സ്ഥിതിചെയ്യുന്നത് പെരിയാർ ടൈഗർ റിസർവിന് ഉള്ളിലാണ്. പെരിയാർ ടൈഗർ റിസർവ് ആകട്ടെ ഏഷ്യയിലെ ഏറ്റവും പ്രാധാന്യമുള്ള 18 ഉപകേന്ദ്രങ്ങളിലൊന്നായാണ് ശാസ്ത്രലോകം കരുതുന്നത്. ഇങ്ങനെയുള്ള ശബരിമല കാടുകളിൽനിന്ന് ഇനിയും വനം നഷ്ടപ്പെടുന്നതിനെ അനുകൂലിച്ച് ഒരു ശാസ്ത്രജ്ഞനും പരിസ്ഥിതി ആഘാത പഠന പട്ടിക തയ്യാറാക്കില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിനും സംസ്ഥാന സർക്കാരിനും ഇത് നന്നായി അറിയുകയും ചെയ്യും. നെഗറ്റീവ് ആയ ഒരു പരിസ്ഥിതി ആഘാത പഠനപത്രിക സമർപ്പിച്ചാൽ, വനഭൂമി വിടരുതെന്ന ആവശ്യം കേന്ദ്ര സർക്കാർ തള്ളികളയുകയും പിന്നീട് അത്തരത്തിലുള്ള ആവശ്യം ഉന്നയിക്കാൻ കഴിയാതെ വരികയും ചെയ്യും.

അതേസമയം ഇപ്പോഴാണെങ്കിൽ കേന്ദ്ര സർക്കാർ ഭൂമി തരാൻ തയ്യാറാകുന്നില്ല എന്നുപറഞ്ഞ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് അധികൃതരുടെ കണ്ണിൽ നിരന്തരം പൊടിയിട്ടുകൊണ്ടിരിക്കുകയും ചെയ്യാം.

ഇതിനിടയിൽ ശബരിമലയുടെ പരിസ്ഥിതി ആഘാത പ്രകടനപത്രിക തയാറാക്കാൻ സംസ്ഥാന വനം സെക്രട്ടറി തിരക്കിട്ട് പീച്ചിയിലെ കേരള വന ഗവേഷണ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സമകാലികം** **ഭരതൻ**

